# ലിറ്റിൽ കൈറ്റ്സ്

## മാഗസിൻ

# ഫ്ലാഷ്

## സെൻറ് മേരീസ് ഹൈസ്കൂൾ

## ചെങ്ങാലൂർ

# എഡിറ്റോറിയൽ..............

നിയതിയുടെ നിതാന്ത ജാഗ്രതയിൽ നാമൊക്കെ ഇന്നും ജീവിക്കുന്നു. അരങ്ങൊഴിഞ്ഞ കാലത്തോടൊപ്പം മറഞ്ഞു പോയവർ ഏറെയുണ്ട്. എങ്കിലും നമ്മുടെ സ്വപ്നങ്ങളും ആശകളും ചിറകുവിടർത്തി പറക്കുകയാണ് ഉയരങ്ങളിൽ ചേക്കേറാൻ...

ചെങ്ങാലൂരിലെ ഈ  സെൻറ് മേരീസ് സ്കൂളും പറന്നുയരുകയാണ് ..... ഇവിടുത്തെ മക്കളുടെ ചിറകിലേറി ... ആ യാത്രയിൽ നാമും പങ്കു ചേർന്നു . ആ യാത്രയുടെ സ്മൃതി ചിത്രങ്ങൾ സംഗമിക്കുകയാണ്  ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിലെ  37 വിദ്യാർത്ഥികൾ ഒരുക്കുന്ന ഈ "ഫ്ലാഷ്"  മാഗസിനിൽ. ഓർമകളിൽ കൂടൊരുക്കാൻ ഈ താളുകൾക്ക് കഴിയുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഈ ചെറു ദളങ്ങളെ മനോഹരമാക്കാൻ ഒപ്പം നിന്നവർക്ക് ...... നിവർന്നു നില്ക്കാൻ താങ്ങായവർക്ക് പിന്നെ സുമനസുകൾക്ക് ഒരുപാടു നന്ദിയുണ്ട്.

നിങ്ങളുടെ കൈ കുടന്നയിൽ സെൻറ് മേരീസ്സിന്റെ ഈ "ഫ്ലാഷ്"  മാഗസിൻ ഭദ്രമായിരിക്കട്ടെ.

സ്നേഹപൂർവ്വം,
എഡിറ്റർ

# ലിറ്റിൽ കൈറ്റ്സ് ആക്ടിവിറ്റീസ് ........

സെൻറ് മേരീസ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിൽ 37 വിദ്യാർത്ഥികൾ ആണ് ഉള്ളത്. എല്ലാ വിദ്യാർത്ഥികളും തന്നെ സജീവമായി പങ്കെടുക്കുന്നു. അധ്യാപകരായ ശ്രീ . സന്തീപ് ടി ജെ . ശ്രീമതി ഷീജ പി എ . എന്നിവരാണ് ക്ലാസുകൾ നയിക്കുന്നത്.




എല്ലാ ബുധനാഴ്ചകളിലും 4 മണി മുതൽ 5 മണി വരെയാണ് ക്ലാസുകൾ നടക്കുന്നത്. എല്ലാ ക്യാമ്പുകളിലും യൂണിറ്റിൽ നിന്ന് വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുന്നു. അനിമേഷൻ, റോബോട്ടിക്സ്, മലയാളം ടൈപ്പിംഗ് , പ്രോഗ്രാമിങ്. എന്നിവയിൽ പരിശീലനം നൽകി വരുന്നു.


ഫ്രീ സോഫ്റ്റ്‌വെയർ ദിനാചരണവുമായി ബന്ധപ്പെട്ട് നടന്ന ചിത്രരചന മത്സരം







പുതുക്കാട് സെന്റ് ആന്റണിസ് സ്കൂളിൽ വച്ച്
നടന്ന ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പിൽ
സുബാഷ് സർ ....



ഏകദിന ക്യാമ്പ്-ശ്രീ. ജോബി ഡേവിസ് മാസ്റ്റർ
ക്ലാസ് നയിക്കുന്നു.

# ചരിത്രവഴികളിലൂടെ...

പ്രകൃതിയാൽ മനോഹരമായി അലങ്കരിക്കപ്പെട്ടു കിടക്കുന്ന ചെങ്ങാലൂരിൽ ഇളംതലമുറയെ ഏകോദര സഹോദരങ്ങളെപ്പോലെ വളർത്തേണ്ടതിന് നാട്ടുകാർ ഉത്സാഹിച്ചിരുന്നു. ആദ്യകാലങ്ങളിൽ വളരെ കഷ്ടപ്പാടുകൾ സഹിച്ച് ദൂരങ്ങൾ താണ്ടിയാണ് കുട്ടികൾ വിദ്യാഭ്യാസത്തിനായി പോയിരുന്നത്.

പ്രാഥമിക വിദ്യാഭ്യാസത്തിനായി ഇപ്പോഴത്തെ വില്ലേജ് ഓഫീസിന്റെ പരിസരത്തുള്ള എഴുത്താശ്ശാന്മാരുടെ സമീപത്താണ് പോയിരുന്നത്. ചെങ്ങാലൂർ പള്ളി സ്ഥാപിതമായെങ്കിലും കുട്ടികൾക്ക് മതപഠനത്തിനോ വിദ്യാഭ്യാസത്തിനോ സൗകര്യമുണ്ടായിരുന്നില്ല. മാട്ടുമലയുടെ ആത്മധൈര്യവും കുറുമാലിപ്പുഴയുടെ ലാളിത്യവും കൈമുതലാക്കി വളർന്നു വരുന്ന കുട്ടികളെ സമ്പൂർണ്ണ വ്യക്തിത്വത്തിനുടമകളാക്കുനനതിന് സഹായകരമാം വിധം നാട്ടിൽ തന്നെ പളലിയോടു ചേർന്ന് ഒരു പള്ളികകൂടം പണിയേണ്ടതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

പസ്തുത ആവശ്യത്തിന് പള്ളിയുടെ സമീപത്തുള്ള കാട്ടുമാത്തു ലോനപ്പൻ എന്ന വ്യക്തിയുടെ സ്ഥലം 1089 മീനം 7ന് മനവലശ്ശേരി വില്ലേജ് മാള്യേക്കൽ ഒല്ലൂക്കാരൻ റപ്പായി ഔസേപ്പ് എന്ന വ്യക്തി സർവ്വേ 171/5-ൽ നെല്ലായി രജിസ്റ്റർ 1534-ാം നമ്പർ തീറാധാരപ്രകാരം കീഴ്മേൽ ഇരുപത്തിമൂന്നുദണ്ഡും വീസ്തീർണ്ണമുള്ള ഒരു ഏക്കർ ഭൂമി പള്ളിക്കൂടം ആരംഭിക്കുന്നതിന് പള്ളിക്ക് ദാനമായി നൽകി.

ഈ സ്ഥലത്ത് നാട്ടുകാരുടെ പരിശ്രമഫലമായി കെട്ടിടം പണിയിക്കുകയും സർക്കാർവക പ്രാഥമിക വിദ്യാലയം ആരംഭിക്കുകയും ചെയ്തു. അങ്ങനെ കുട്ടികൾക്ക് വേദപാഠ ക്ലാസ്സുകൾ നടത്തുന്നതിനും വിദ്യാഭ്യാസം കിട്ടുന്നതിനും സൗകര്യം ലഭിച്ചു.

പിന്നീട് അന്നത്തെ വികാരിയായിരുന്ന ബ.ജോർജ്ജ് മാളിയേക്കൽ അച്ചൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കി ലോവർ സെക്കണ്ടറി സ്കൂൾ തുടങ്ങുന്നതിന് ശ്രമങ്ങൾ ആരംഭിച്ചു. അങ്ങനെ 1944-ൽ സെൻ മേരീസ് ലോവർ സെക്കണ്ടറി സ്ക്കൂൽ ആരംഭിച്ചു. സർക്കാർ വക പ്രാഥമിക വിദ്യാലയത്തിന്റെ കിഴക്കുഭാഗത്തുള്ള പള്ളിവക സ്ഥലത്താണ് കെട്ടിടം പണിയിച്ച് ക്ലാസ്സുകൾ തുടങ്ങിയത്. പ്രഥമ അധ്യാപകനായി പി.സി. കുഞ്ഞുവറീത് മാസ്റ്റർ അവർകളേയും സഹ അധ്യാപകരായി

റവ. പോൾ പുല്ലോക്കാരൻ, എൻ. അച്യുതമേനോൻ എന്നിവരെയും നിയമിച്ചു. സ്കൂളിലെ പ്രഥമ വിദ്യാർത്ഥി റവ. ഫാദർ ജേക്കബ് ഐനിക്കൽ ആയിരുന്നു.

സർക്കാർ വക വിദ്യാലയത്തിന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലാവുകയും ക്ലാസ്സുകൾ നടത്തികൊണ്ടുപോകാൻ സാധിക്കാതെയും വന്നു. തന്മൂലം തൊട്ട് അടുത്തുള്ള തരകൻ പുവത്തൂക്കാരൻ കുഞ്ഞുവറീതിന്റെ ഒരേക്കർ സ്ഥലം സർക്കാർ ഏറ്റെടുക്കയും പുതിയ കെട്ടിടം  പണിത് പ്രൈമറി സ്കൂൾ 1960–ൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പുതുക്കാട്, വരന്തരപ്പിള്ളി, കൊടകര എന്നീ സ്ഥലങ്ങളിലേക്കായിരുന്നു പോയിരുന്നത്. 1966–ൽ അന്നത്തെ വികാരിയായിരുന്ന ബഹു.ജോസഫ് തെക്കിനിയത്ത് അച്ചൻ നാട്ടിൽ ഹൈസ്കൂളിന്റെ ആവശ്യകത മനസ്സിലാക്കി ബഹു.വികാരിയച്ചന്റെയും ഇന്നാട്ടുകാരനും മുൻ മന്ത്രിയുമായിരുന്ന കെ.ടി. അച്യുതൻ വക്കീൽ അവർകളുടെയും പരിശ്രമഫല

സർക്കാർ വക പ്രൈമറി സ്കൂൾ സ്ഥലം ഒഴിഞ്ഞു കിട്ടിയതുകൊണ്ട് ഹൈസ്കൂളിന്റെ കെട്ടിടം പണി നടത്തി ക്ലാസ്സുകൾ ആരംഭിച്ചു. പൂവത്തൂക്കാരൻ കുഞ്ഞുവറീത് മാസ്റ്ററിന്റെ പക്കൽ നിന്ന് 1966–ൽ 1680 നമ്പർ ആധാരപ്രകാരം 1 ഏക്കർ 50 സെന്റ് സ്ഥലം 200 രൂപ വിലനിശ്ചയിച്ച് സ്കൂളിന്റെ കളി സ്ഥലത്തിനായി വാങ്ങിക്കുകയുണ്ടായി. ഹൈസ്കൂളിന്റെ പ്രഥമ അധ്യാപികനായി ശ്രീ.എം.പി. ലോനപ്പൻ മാസ്റ്റർ (മഞ്ഞളി) നിയമിക്കപ്പെടുകയും ചെയ്തു. 1969–ൽ പ്രഥമ ബാച്ച് 10–ാം ക്ലാസ്സ് പരീക്ഷ എഴുതുകയും മികച്ച വിജയം നേടുകയുമുണ്ടായി. ഈ ബാച്ചിൽ 56 ആൺകുട്ടികളും 47 പെൺകുട്ടികളും വിജയിച്ചു. അതിൽ മേരി പോൾ പി. എന്ന വിദ്യാർത്ഥിനിയാണ് ഏറ്റവും കൂടുതൽ മാർക്ക് നേടിയത്.

1994–ൽ സ്കൂളിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് മനോഹരമായ ഒരു പ്രവേശന കവാടം പണി കഴിപ്പിച്ചു. തുടർച്ചയായി ഏഴു വർഷവും100% വിജയം നേടി തൃശൂർ കോർപ്പറേറ്റ് ഏജൻസിയിലെ ഏറ്റവും നല്ല വിദ്യാലയങ്ങളിൽ ഒന്നായി അറിയപ്പെടുന്നു ഈ വിദ്യാലയം. ചെങ്ങാലൂരിന്റെ വികസനത്തിൽ ഈ വിദ്യാലയത്തിന്റെ കാര്യക്ഷമമായ ഇടപെടൽ എല്ലാവരും അംഗീകരിക്കുന്നു എന്നത് വളരെ സന്തോഷകരമാണ്.

***********************************



ഉപജില്ലാ കായികമേളയിൽ റണ്ണർ–അപ്പ് നേടിയ സ്കൂളിലെ കായിക താരങ്ങൾ



ഉപജില്ലാ കായികമേള സബ് ജൂനിയർ
ബോയ്സ് ചാമ്പ്യൻ
അശ്വിൻ സജീവൻ



ഉപജില്ലാ കായികമേള
സബ് ജൂനിയർ ഗേൾസ് ചാമ്പ്യൻ
ഗായത്രി വേണുഗോപാൽ

# ഉപജില്ലാ കായികമേളയിൽ സെന്റ് മേരീസ്

**സബ് ജൂനിയർ ബോയ്സ് ചാമ്പ്യൻസ്**
**സബ് ജൂനിയർ ഗേൾസ് ചാമ്പ്യൻസ്**
**സബ് ജൂനിയർ ഓവറോൾ**
**ജൂനിയർ ഗേൾസ് ചാമ്പ്യൻസ്**
**ജൂനിയർ ഗേൾസ് ഓവറോൾ**
**റണ്ണർ അപ്പ്**





## ആചാര്യ ശ്രേഷ്ഠന് മാതൃ വിദ്യാലയത്തിന്റെ

# യാത്രാമംഗളങ്ങൾ

സെന്റ് മേരീസിന്റെ തിരുമുറ്റത്ത് വിദ്യ അഭ്യസിക്കാൻ എത്തിയ ശിഷ്യഗണം എന്നും ഓർക്കുന്ന ഒരു പേരാണ് ജെ.പി, അതെ ജയപ്രകാശൻ മാസ്റ്റർ. ഇരിഞ്ഞാലക്കുട ഉപജില്ലയിലെ 'ആചാര്യശ്രേഷ്ഠ' അവാർഡിനർഹനായ ഈ ഗണിതാധ്യാപകന്റെ നോട്ടത്തിൽപ്പെടാതെ പോയ വികൃതി കുട്ടന്മാർ വിരളമായിരിക്കും. സെന്റ് മേരീസിലെ അച്ചടക്കത്തിന്റെ കാവലാൾ, കണക്കിലെ കീറാമുട്ടികളെ ജാലവിദ്യപോലെ ഇല്ലായ്മ ചെയ്യുന്ന ഗുരു, ഏതു സങ്കീർണ്ണ പ്രശ്നങ്ങളെയും അലിയിച്ചു കളയുന്ന  നയതന്ത്രജ്ഞൻ, പഠിച്ച വിദ്യാലയത്തിൽ പഠിപ്പിക്കാൻ ഭാഗ്യം ലഭിച്ച ഗുരുവര്യൻ. .......എയ്റോബിക്സും, ബാന്റ് സെറ്റും, സ്കൗട്ടും എല്ലാം വഴങ്ങുന്ന ബഹുമുഖ പ്രതിഭ, ഫസ്റ്റ് അസിസ്റ്റന്റ് എന്ന നിലയിൽ സ്കൂളിലെ പ്രവർത്തനങ്ങൾക്ക് നേതൃനിരയിൽ നിൽക്കുന്ന കർമ്മ ധീരൻ, സഹപ്രവർത്തകരെ കൂടെപിറപ്പുകളെപോലെ സ്നേഹിക്കുന്ന അപൂർവ്വ വ്യക്തിത്വം. ജയപ്രകാശൻ മാഷിനെ വിശേഷിപ്പിക്കാൻ ഇനിയും ഏറെ.....29 വർഷത്തോളമായി അധ്യാപക ജിവിതത്തിൽ മികവ് തെളിയിച്ച് അതിൽ തന്നെ 12 വർഷത്തോളമായി സെന്റ് മേരീസിന്റെ ക്ലാസ്സ് മുറികളിൽ പ്രതിധ്വനിച്ച ശബ്ദം ഈ വർഷം നമ്മോട് വിടപറയുമ്പോൾ പ്രിയപ്പെട്ട അധ്യാപക ശ്രേഷ്ഠാ... അങ്ങേയ്ക്ക് നൽകാൻ ഈ വിദ്യാലയത്തിനുള്ളത് അകമഴിഞ്ഞ നന്ദിയും സ്നേഹവും പ്രാർത്ഥനയും. എന്നും എപ്പോഴും ആയുരാരോഗ്യ സൗഖ്യങ്ങൾ കൂടെയുണ്ടാകട്ടെ.



## പ്രകൃതിയുടെ കളിത്തോഴന് സെന്റ് മേരീസിന്റെ

# യാത്രമൊഴി

കാലം യാത്ര തുടരുകയാണ്... വർഗ്ഗീസ് മാഷ് സെന്റ് മേരീസിൽ കാലുകുത്തിയിട്ട് 23 വർഷമായി. ആർക്കു വിശ്വസിക്കാനാകും. ചുറുചുറുക്കോടെ, ചെറുപുഞ്ചിരിയോടെ, മൃദുവായ ശബ്ദത്തോടെ കുട്ടികൾക്കു മുമ്പിൽ എത്തുന്ന, സെന്റ് മേരീസിനെ പച്ചപ്പിന്റെയും വസന്തത്തിന്റെയും പരവതാനി വിരിക്കാൻ കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്ന, ജില്ലയിലെ മികച്ച അധ്യാപക കർഷകൻ, ആരെങ്കിലും വീണാൽ  ആർക്കെങ്കിലും വേദനിച്ചാൽ ഉടൻ സെന്റ് മേരീസിന്റെ ക്യാഷ്വാലിറ്റിയിൽ... ഡോക്ടറെ അറിയില്ലേ... അതാണ് നമ്മുടെ എം.എ. വർഗ്ഗീസ് മാസ്റ്റർ. കുറച്ചു വർഷങ്ങൾക്കു മുമ്പ് ആയിരം കൈകളിൽ ആയിരം മാവിൻ തൈകൾ കൊടുത്ത് ബഡ് ചെയ്യാൻ പഠിപ്പിച്ചത് ഇവിടത്തെ മണൽ തരിപോലും ഓർക്കുന്നുണ്ടാകും. കൃഷിയുടെ ബാലപാഠങ്ങൾ കുട്ടികൾക്ക് പകർന്നു നൽകാൻ പഠിപ്പിക്കലിനോടൊപ്പം സമയം കണ്ടെത്തുന്ന, വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും നല്ലൊരു സുഹൃത്തായ വർഗ്ഗീസ് മാഷ് ഈ വർഷം സ്കൂളിന്റെ പടിയിറങ്ങുകയാണ്. ഇനിയും മാഷിൽ നിന്നും ഒരു പാട് പഠിക്കാനിരിക്കെ പിരിയുവാൻ സമയമായി. പ്രകൃതി സ്നേഹിയായ അധ്യാപക ശ്രേഷ്ഠാ... ഹൃദയം നിറഞ്ഞ സ്നേഹാശംസകളും പ്രാർത്ഥനകളുമാണ് സെന്റ് മേരീസിന്റെ മക്കൾക്ക് പകരം നല്കാനുള്ളത്.

ആയുഷ്മാൻ ഭവ:, സുഖ സന്തോഷ സമ്പൽസമൃദ്ധികൾ ജീവിതം ശോഭനമാക്കട്ടെ.





# പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

1994-ൽ ചെങ്ങാലൂർ പള്ളിയുടെ അധീനതയിൽ യു.പി. സ്കൂളായി ആരംഭിച്ച് 1966-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ട സെന്റ് മേരീസ് ഹൈസ്കൂൾ 75 വർഷം പൂർത്തിയായികൊണ്ടിരിക്കുകയാണ്. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ആഗസ്റ്റ് 5ന് തൃശ്ശൂർ അതിരൂപതാ മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുകയുണ്ടായി. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അമ്പിളി ശിവരാജൻ അധ്യക്ഷത അലങ്കരിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം കെ.ജെ. ഡിക്സൻ, ബ്ലോക്ക് പഞ്ചായത്തംഗം ഷാജു കാളിയേങ്കര, പഞ്ചായത്തംഗം രാജു തളിയപറമ്പിൽ, കൊടകര ബിപിഒ നന്ദൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന വ്യത്യസ്തങ്ങളായ പരിപാടികളാണ് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നത്.



പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുന്നു.



# പ്രളയം ബാക്കി വച്ചത്.........

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക



ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ ഉറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തി കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.



ഹൈ ടെക് ക്ലാസ് റൂമുകളുടെ ഉദ്ഘാടനം പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ്
ശ്രീമതി അമ്പിളി ശിവരാജൻ നിർവ്വഹിക്കുന്നു.



പ്രളയ ദുരിതാശ്വാസനിധിയിലേക്ക് സ്കൂൾ വിദ്യാർത്ഥികളുടെ
സംഭാവന ബഹു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്
ഏറ്റുവാങ്ങുന്നു.



ക്ലാസ് ലൈബ്രറികളുടെ ഉദ്ഘാടനം കൊടകര ബി.പി.ഒ. നന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു.

# സെന്റ് മേരീസ് – ഒറ്റനോട്ടത്തിൽ

- കമ്പ്യൂട്ടർ ലാബ്
- സയൻസ് ലാബ്
- മൾട്ടിമീഡിയ ഹാൾ
- ലൈബ്രറി & ക്ലാസ്സ് ലൈബ്രറി
- ഗൈഡ്, സ്കൗട്ട്, ജൂനിയർ റെഡ് ക്രോസ്, ബാന്റ് സെറ്റ്
- വിവിധ ക്ലബ്ബുകൾ
- സ്കൂൾ റേഡിയോ
- കായിക പരിശീലനം
- സ്കൂൾ ബസ്
- ജൈവ വൈവിധ്യോദ്യാനം

# MY TEACHER

**POEM**
**BY ALNA SIJU**



I am happy that i was your teacher.
I have come to love you so.
unbelievable.... the end is now.

I cry...... to see you go.
You are such a wonderful star.
and I love you so deep.

You are the light of my life.
I mean that truly.
I remember all the fun we had.

In all the activities we did.
but very most.. I remember....
you are a special.

****************************************



ഉപജില്ലാ വിദ്യാരംഗം മത്സരങ്ങളിൽ വിജയികളായവർ



പഞ്ചായത്ത്തല വായന മത്സര വിജയികൾ



ഉപജില്ലാ കലോത്സവത്തിൽ മികവ് തെളിയിച്ച കലാപ്രതിഭകൾ



ഉപജില്ലാ ശാസ്ത്രമേളയിൽ മാത്സ് മാഗസിൻ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർ

# പ്രളയം ബാക്കി വച്ചത്.........

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക



ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തി കേരളത്തിലെ 14

ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.



വോയ്സ് സെന്റ് മേരീസ്–സ്കൂൾ റേഡിയോ ജോക്കിമാർ



ശിശുദിനത്തോടനുബന്ധിച്ച് നടത്തിയ റാലി




സ്കൂളിലെ കൊച്ചു ചിത്രകാരൻ യദുകൃഷ്ണന്റെ ചിത്ര പ്രദർശനം ഉദ്ഘാടനം വാർഡ് മെമ്പർ രാജു തളിയപറമ്പിൽ നിർവ്വഹിക്കുന്നു.



ലോകകപ്പ് വിളംബര റാലി

# വിവരസാങ്കേതിക വിദ്യ




കമ്പ്യൂട്ടറോ, മൈക്രോപ്രോസസ്സർ അടിസ്ഥാനമാക്കിയുള്ള മറ്റുപകരണങ്ങളോ ഉപയോഗിച്ച്,വിവരങ്ങൾ, ശേഖരിക്കുക, സൂക്ഷിച്ചു വക്കുക, അയക്കുക എന്നിങ്ങനെ പല വിധത്തിൽ പാകപ്പെടുത്തുന്ന **ഇൻഫർമേഷൻ ടെക്നോളജി** (ഐ.ടി) അഥവാ **വിവരസാങ്കേതിക വിദ്യ** എന്നു വിളിക്കുന്നു. ഇൻഫൊർമേഷൻ ടെക്നൊളജി അസ്സോസിയേഷൻ ഓഫ് അമേരിക്ക അഥവാ ITAA യുടെ നിർവചനമനുസരിച്ച്, കംപ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ഇൻഫൊർമേഷൻ സിസ്റ്റംസിന്റെ പഠനം, രൂപകല്പന (Design), നിർമ്മാണം, അതിന്റെ ഇംപ്ലിമെന്റേഷൻ, നിയന്ത്രണം എന്നിവക്കു പൊതുവെ പറയുന്ന പേരാണ് ഐ ടി അഥവാ ഇൻഫൊർമേഷൻ ടെക്നൊളജി.






വളരെ വിശാലമായ ഈ ശാസ്ത്രത്തിന്റെ ചില പ്രധാനപ്പെട്ട ശാഖകൾ ചുവടെ ചേർത്തിരിക്കുന്നു :

- കമ്പ്യൂട്ടർ_ശാസ്ത്രം
- വേൾഡ്_വൈഡ്_വെബ്
- ഇന്റർനെറ്റ്

- ഡിജിറ്റൽ_ലൈബ്രറി
- കമ്പ്യൂട്ടർ_പ്രോഗ്രാമിങ്ങ്
- ഡേറ്റാ_പ്രോസസ്സിങ്ങ്
- ഡേറ്റാബേസ് സാങ്കേതിക വിദ്യ
- ക്രിപ്റ്റോഗ്രാഫി

ഈ പട്ടിക അവസാനിക്കുന്നില്ല. ദിനം പ്രതി വളരുന്ന ഈ ശാസ്ത്രശാഖയുടെ സാധ്യതകൾ നിരവതി യാണ്.

(Courtesy: wiki)

# സ്വപ്നത്തിലെ അപകടം

മിനിക്കഥ

സന്ദീപ്

കീഴ്ക്കാം ‌ തൂക്കായ ആ മലഞ്ചെരുവിലൂടെ പായുകയാണ് ആ കാർ. വളരെ വിലപ്പെട്ട ബിസിനസ് രേഖകളാണ് ആ കാറിനുള്ളിലെ ബാഗിൽ ഉള്ളത്... ആരോ തന്റെ കാറിനെ പിന്തുടരുന്നുണ്ടോ ? .. അയാൾ അറിയാതെ തന്നെ കാറിന്റെ ആക്സിലേറ്ററിൽ അമരാൻ തുടങ്ങി ... അതെ , അയാൾ തൻെറ കാറിനെ പിൻ തുടരുകയാണ്... അയാൾ അപകടം മണത്തു. ആ വിലപ്പെട്ട രേഖകൾ അടങ്ങിയ ബാഗ് തന്നെയാണ് അയാളുടെ ലക്ഷ്യം... അയാളുടെ കാർ കുതിച്ചു പായാൻ തുടങ്ങി ..... കാർ നിയന്ത്രണം വിട്ടു....



അയ്യോ..... അമ്മേ ...... അവൻ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു . അതൊരു സ്വപ്നം ആയിരുന്നുവെന്ന് അപ്പോൾ ആണ് അവനു മനസിലായത്....

ശുഭം ............

# നന്ദി .............

ഗതകാല സ്മരണകളുടെ കൊതുമ്പുവള്ളങ്ങളിലേറി അതിജീവനത്തിന്റെ പുതിയ തീരങ്ങളിലേക്കു യാത്ര ചെയ്യുമ്പോൾ നമ്മുടെയൊക്കെ ഉള്ളിൽ ഊർജമായി മിന്നി തെളിയുന്ന ചില കുഞ്ഞു താരകങ്ങൾ ഉണ്ടാകാം . അത് നമ്മുടെ മക്കളാണ്, അവരുടെ വളർച്ചയും , വിജയവും നമുക്ക് നൽകുന്നത് സന്തോഷം ആണ്. സെൻറ് മേരീസ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകർ എന്ന നിലയിൽ ഇവിടുത്തെ ഓരോ മക്കളുടെയും വിജയം ഞങ്ങളുടെ വിജയമായി കാണുന്ന "ഫ്ലാഷ്" എന്ന ഈ മാഗസിൻ ചില സാക്ഷ്യങ്ങൾ ആണ്.

അഭിനന്ദിക്കാം മനം നിറഞ്ഞ്.

ശ്രീ . സന്തീപ് ടി ജെ .

ശ്രീമതി. ഷീജ പി എ .

